I/554730/2023

"ഭരണഭാഷ – മാതൃഭാഷ"

## കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജര് - ലാല് കെ ഐ PEN: 592041)**

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനംക്കാര്യം – ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ 2023-24 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റം – അന്തിമ സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2023 ലെ എ1/11483/2023/ഡി ജി ഇ നമ്പർസർക്കുലർ
2. അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷകൾ
3. ട്രാന്സ്ഫർ & പോസ്റ്റിഗ് വെബ് സൈറ്റില് പ്രസിദ്ധീകരിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള സീനിയോരിറ്റി ലിസ്റ്റ്
4. 05/12/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ താല്ക്കാലിക സ്ഥലം മാറ്റ ഉത്തരവ്

**ഉത്തരവ് നമ്പർ : എ 1/4575/2023/ഡി ഡി ഇ തീയതി : 19-12-2023**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ 2023-24 അദ്ധ്യായന വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം അദ്ധ്യാപകർ ഓൺലൈൻ മുഖേന പരാമർ ശം 2 ആയി സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് പരാമർശം (3 ) പ്രകാരം ട്രാൻസ്ഫർ & പോസ്റ്റിംഗ് വെബ് സൈറ്റിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. 2023-24 അദ്ധ്യയന വർഷത്തില് അധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് പരാമർശം 3 പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റില് നിന്നും പരാമർശം 4 പ്രകാരം താല്ക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിക്കുന്ന പ്രകാരം അദ്ധ്യാപകർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl no | Name | Designation | Parent School | Allotted School | Remarks |
|---|---|---|---|---|---|
| 1. | ANISH PRITHOM TONY AS | HST Physical Science | GHS Bandadka KASARGOD | Govt Model HSS Karunagappally | GENERAL |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന അദ്ധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി കൊല്ലം ജില്ലയില് പ്രവേശിക്കുന്ന തീയതി മുതല് മാത്രമേ കണക്കാക്കുകയുള്ളൂ. കൊല്ലം ജില്ലയില് ജോലിയില് പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകർഈ ജില്ലയിലെ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരെ വിടുതല് ചെയ്യുന്നതിന് മുന്പ് മേല് സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫീസ് മേധാവി മേലൊപ്പ് ചാർത്തി സേവന പുസ്തകത്തില് പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകള് വരുത്തേണ്ടതാണ്. വകുപ്പുതല പൊതുസ്ഥലം മാറ്റത്തിന് വിധേയമായി അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവില് ആവശ്യമെങ്കില് ഭേദഗതി വരുത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവായിട്ടുള്ള അധ്യാപകർപൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം 1 ലെ നിർദേശാനുസരണം 02/01/2024 നകം നിലവില് സേവനമനുഷ്ഠിക്കുന്ന സ്കൂളില് നിന്നും വിടുതല് ചെയ്തു കൊല്ലം ജില്ലയില് ജോലിയില് പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി സ്ഥലംമാറ്റ ഉത്തരവ് യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദ ചെയ്യുന്നതായിരിക്കും. മേല് പറഞ്ഞ അധ്യാപകർ വിടുതല് ചെയ്യുന്ന തിയതിയും ജോലിയില് പ്രവേശിക്കുന്ന തിയതിയും ഈ ഓഫീസില് അറിയിക്കേണ്ടതാണ്. പരാമർശം 2 പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയില് തെറ്റായ വിവരങ്ങള് ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോധ്യപ്പെടുന്ന പക്ഷം നിലവില് ഉത്തരവായിട്ടുള്ള അന്തർജില്ലാ സ്ഥലംമാറ്റം പുനപരിശോധിക്കുന്നതായിരിക്കും.

I/554730/2023

അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ 23/08/2012 ലെ സ.ഉ. (പി) 42/2012 ഉ.ഭ..പ.വ പ്രകാരം കൊല്ലം ജില്ലയിൽ പുതിയതായി നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്. സർവ്വീസിൽ അഞ്ചു വർഷം പൂർത്തീകരിച്ചിട്ടില്ലാത്ത അദ്ധ്യാപകർക്ക് 2 3 . 0 4 . 2 0 0 3 സ.ഉ. (എം.എസ്) നം.94/2003/പൊ.വി.വ. പ്രകാരമുള്ള സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിട്ടിട്ടുണ്ടെങ്കിൽ ടി അദ്ധ്യാപകർക്ക് കൊല്ലം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തേയ്ക്ക് ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഹിൽ/റിമോട്ട് സ്കൂളുകളിൽ മാത്രമേ സ്ഥലംമാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ആയതിനു വിരുദ്ധമായി ഓണ്‍ലൈന് മുഖാന്തിരം അധ്യാപക സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നവർക്കും ആയത് ശുപാർശ ചെയ്യുന്ന ഓഫീസ് തലവന്മാർക്കും എതിരേ അച്ചടക്ക നടപടികള് സ്വീകരിക്കുന്നതാണ്.

Signed by
Lal K I
Date: 19-12-2023 22:41:12

വിദ്യാഭ്യാസ ഉപഡയറക്ടര്,
കൊല്ലം

സ്വീകര്ത്താവ് :

ബന്ധപ്പെട്ട അധ്യാപകര് ( ഓൺലൈൻ മുഖേന)

പകർപ്പ്

1. പൊതു വിദ്യാഭ്യാസ ഡയറക്ടര്, തിരുവനന്തപുരം
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടര്മാര്
3. ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസര്മാര്
4. ബന്ധപ്പെട്ട പ്രധാനാധ്യപകര്
5. കരുതല് ഫയല്